# ഐഡിയൽ പബ്ലിക് സ്കൂൾ വാർഷികം




*പൂക്കോട്ടൂർ-മേലങ്ങാടി ഐഡിയൽ പബ്ലിക് സ്കൂളിന്റെ പ്രഥമ വാർഷികാഘോഷം സംസ്ഥാന ടൂറിസം വകുപ്പുമന്ത്രി എ.പി അനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു*

**പൂക്കോട്ടൂർ:** മേലങ്ങാടി ഐഡിയൽ പബ്ലിക് സ്കൂളിന്റെ പ്രഥമ വാർഷികാഘോഷം ഉദ്ഘാടനം സംസ്ഥാന ടൂറിസം വകുപ്പുമന്ത്രി എ.പി. അനിൽകുമാർ നിർവഹിച്ചു. എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എപ്ലസ് നേടിയ പ്രദേശത്തെ വിദ്യാർഥികൾക്കുള്ള അവാർഡുദാനം മന്ത്രി നിർവഹിച്ചു. ശിഹാബ് പൂക്കോട്ടൂർ മുഖ്യ പ്രഭാഷണം നടത്തി. കെ. സജ്ന, പി. ഖദീജ (വാർഡ് മെമ്പർമാർ), ശശി പൂക്കോട്ടൂർ (കോൺഗ്രസ്), ഷഫീഖ് അഹ്മദ് (വെൽഫെയർ പാർട്ടി), എം. അബ്ദുല്ല (ഐഎൻഎൽ), കെ. ഉസ്മാൻ (മുസ്‌ലിം ലീഗ്) തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. എൻ. ഇബ്റാഹിം അധ്യക്ഷത വഹിച്ചു. കെ. നാസർ നന്ദി പറഞ്ഞു.

# യു.എ.പി.എ പ്രയോഗിക്കുന്നത് അപകടകരം: സോളിഡാരിറ്റി

**കോഴിക്കോട്:** കണ്ണൂർ ജില്ലയിലെ നാറോത്ത് അറസ്റ്റ് ചെയ്യപ്പെട്ട പോപ്പുലർ ഫ്രണ്ട് പ്രവർത്തകർക്കുനേരെ യു.എ.പി.എ എന്ന കരിനിയമം ചുമത്തിയത് തീർത്തും തെറ്റായ നടപടിയാണെന്ന് സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് പി.ഐ നൗഷാദ് പ്രസ്താവനയിൽ പറഞ്ഞു. യു.എ.പി.എ ഉൾപ്പെടെയുള്ള കരിനിയമങ്ങൾ പിൻവലിക്കണമെന്ന് രാജ്യവ്യാപകമായി ആവശ്യമുയരുമ്പോഴാണ് ഇവിടെ വീണ്ടും കരിനിയമം പ്രയോഗിക്കാൻ ശ്രമിക്കുന്നത്. കരിനിയമങ്ങൾക്കെതിരായ കാമ്പയിനിൽ പ്രത്യക്ഷത്തിലെങ്കിലും പങ്കുചേരുന്ന മുസ്‌ലിം ലീഗിന് സംസ്ഥാന ഭരണത്തിൽ നിർണായക സ്ഥാനമുണ്ടായിരിക്കെയാണ് കരിനിയമം ചുമത്താൻ ഇവിടെ ശ്രമം നടക്കുന്നത്. പ്രതികൾ കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ ശിക്ഷിക്കപ്പെടണം എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. പക്ഷേ നിയമം കൊണ്ട് തീക്കളി കളിക്കാതിരിക്കാൻ അധികാരികൾ ശ്രദ്ധിക്കണം. വീണ്ടും കരിനിയമം പ്രയോഗിക്കാനല്ല ഭരണകൂടങ്ങൾ ശ്രമിക്കേണ്ടത്. കരിനിയമ പ്രകാരം അറസ്റ്റുചെയ്യപ്പെട്ടവരെ സാധാരണ നിയമപ്രകാരം വിചാരണ ചെയ്യാനും കരിനിയമങ്ങൾ പിൻവലിക്കാനുമാണ് അധികാരികൾ ശ്രമിക്കേണ്ടത്.

## സ്ക്രിപ്റ്റുകൾ ക്ഷണിക്കുന്നു

**കോഴിക്കോട്:** തനിമാ കലാസിഹിത്യവേദി പുറത്തിറക്കാനുദ്ദേശിക്കുന്ന സ്കൂൾ നാടകങ്ങളുടെ സമാഹാരത്തിലേക്ക് 25 മിനുറ്റ് ദൈർഘ്യത്തിൽ അവതരിപ്പിക്കാൻ കഴിയുന്ന നാടകങ്ങൾ ക്ഷണിക്കുന്നു. തെരഞ്ഞെടുത്ത പത്ത് നാടകങ്ങളാണ് സമാഹാരത്തിൽ ഉൾപ്പെടുത്തുക. പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതും മൗലികവുമായ രചനകൾ. രചയിതാവിന്റെ ബയോഡാറ്റ സഹിതം 2013 മെയ് 25 ന് മുമ്പായി
വി. ഹിക്മത്തുല്ല,
എഡിറ്റർ, തനിമ നാടകപുസ്തകം,
പി.ബി നമ്പർ: 833, മാവൂർ റോഡ്,
കോഴിക്കോട് 673 004/thanimakv@gmail.com
എന്ന വിലാസത്തിൽ അയക്കുക.

## സകാത്ത് സെമിനാർ

**കോഴിക്കോട്:** ബൈത്തുസ്സകാത്ത് കേരളയുടെ ആഭിമുഖ്യത്തിൽ 2013 മെയ് 25-ന് കോഴിക്കോട് ഹോട്ടൽ ഹൈസൻ ഹെറിറ്റേജിൽ സകാത്ത് സെമിനാർ സംഘടിപ്പിക്കുന്നു. സകാത്തും സാമൂഹിക പുരോഗതിയും, സംഘടിത സകാത്ത്: സംരംഭങ്ങൾ പ്രവർത്തനങ്ങളും പ്രതീക്ഷയും, സകാത്തും കേരള പുരോഗതിയും തുടങ്ങിയ വിഷയങ്ങളിൽ ചർച്ച നടക്കും. സാമ്പത്തിക വിദഗ്ധർ, സാമൂഹിക പ്രവർത്തകർ, പണ്ഡിതന്മാർ തുടങ്ങിയവർ പങ്കെടുക്കും. താൽപര്യമുള്ളവർ മെയ് 21-ന് മുമ്പ് രജിസ്റ്റർ ചെയ്യുക. **ഫോൺ: 9895677348**

## രക്തദാന ക്യാമ്പ്

**തിരൂർ:** തിരൂർ ജില്ലാ ആശുപത്രിയുടെ സഹകരണത്തോടെ സ്വഫാ മസ്ജിദിൽ രക്തദാന പരിപാടി സംഘടിപ്പിച്ചു. ജമാഅത്തെ ഇസ്‌ലാമി തിരൂർ ഏരിയാ പ്രസിഡന്റ് ഡോ. നാസർ കുരിക്കൾ ഉദ്ഘാടനം ചെയ്തു. തിരൂർ ജില്ലാ ആശുപത്രി ബ്ലഡ് ബാങ്ക് ഓഫീസർ ഡോ. അലി അശ്റഫ് മുഖ്യപ്രഭാഷണം നിർവഹിച്ചു. കെ.വി ഹനീഫ അധ്യക്ഷത വഹിച്ചു. എൻ. അബ്ദുൽ മജീദ്, ഇസ്മാഈൽ, മുനീർ മങ്കട, ശഹീർ കോട്ട്, ശിഹാബ്, മജീദ് സംസാരിച്ചു.

## അൽമദ്റസത്തുൽ ഇസ്‌ലാമിയ വാർഷികാഘോഷം

**മേപ്പാടി:** മേപ്പാടി കോസ്മോ പോളിറ്റൻ ക്ലബ് ഗ്രൗണ്ടിൽ നടന്ന അൽ മദ്റസത്തുൽ ഇസ്‌ലാമിയ വാർഷികാഘോഷം തനിമ കലാവേദി സാംസ്കാരിക സഞ്ചാരം ഡയറക്ടർ പി.എ.എം ഹനീഫ് ഉദ്ഘാടനം ചെയ്തു. ഐഡിയൽ ചാരിറ്റബ്ൾ ട്രസ്റ്റ് ചെയർമാൻ വി.പി ബഷീർ അധ്യക്ഷത വഹിച്ചു. കെ.എം സെയ്തലവി, ഷംസുദ്ദീൻ മൗലവി, മുസ്ത്വഫ മാസ്റ്റർ പിണങ്ങോട്, എൻ.എം മൂസ, കെ. ബാവ മാസ്റ്റർ, ജൗഹർ ആലുക്കൽ എന്നിവർ സംസാരിച്ചു. ലോക മുസ്‌ലിം പണ്ഡിതസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട മേപ്പാടി സ്വദേശി കൂടിയായ ഡോ. യൂസുഫ് മുഹമ്മദ് നദ്‌വിയെ പരിപാടിയിൽ ആദരിച്ചു. പഞ്ചായത്ത് വൈ. പ്രസിഡന്റ് ടി. ഹംസ ഉപഹാരം നൽകി. വിദ്യാർഥികളുടെ കലാപരിപാടികളും അരങ്ങേറി.

## *ആരാമം* പ്രചാരണ കാമ്പയിൻ

**അഞ്ചൽ:** ജമാഅത്തെ ഇസ്‌ലാമി വനിതാ വിഭാഗം അഞ്ചൽ ഏരിയാ *ആരാമം* പ്രചാരണ കാമ്പയിന്റെ ഉദ്ഘാടനം കൊല്ലം ജില്ലാ പഞ്ചായത്തംഗം വിജയമ്മ ചന്ദ്രമോഹനെ വരിചേർത്തുകൊണ്ട് നിർവഹിച്ചു. ഏരിയാ കൺവീനർ ഹലീമാബീവി, ജില്ലാ സമിതിയംഗം സനീറാബീവി, ഏരിയാസമിതി അംഗങ്ങളായ അസീമാബീവി, ജമീലാബീവി, നഫീസത്ത്, സീന തുടങ്ങിയവർ പങ്കെടുത്തു.

## ബംഗാളി കുടുംബസംഗമം

**മുല്ലക്കര (തൃശൂർ):** നിർമാണ മേഖലയിൽ പണിയെടുക്കുന്ന പശ്ചിമബംഗാൾ തൊഴിലാളികൾക്കായി ജമാഅത്തെ ഇസ്‌ലാമി മുല്ലക്കര ഹൽഖ ബംഗാളി കുടുംബസംഗമം സംഘടിപ്പിച്ചു. ബംഗാൾ എസ്.ഐ.ഒ സംസ്ഥാന സെക്രട്ടറി അബ്ദുൽ വദൂദ് മുഖ്യപ്രഭാഷണം നടത്തി. കെ.എ ഉമ്മർ അധ്യക്ഷത വഹിച്ചു. വി.എ ലത്വീഫ് സ്വാഗതവും നജീബ് നന്ദിയും പറഞ്ഞു.

## തയ്യൽ മെഷീൻ വിതരണം

പൊന്നാനി: ഐ.എസ്.എസ് സാമൂഹിക സകാത്ത് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന തയ്യൽ മെഷീൻ വിതരണോദ്ഘാടനം ജമാഅത്തെ ഇസ്‌ലാമി മേഖലാ നാസിം പി. അബ്ദുറഹിമാൻ വളാഞ്ചേരി നിർവഹിച്ചു. സാമൂഹിക സകാത്ത് കമ്മിറ്റി കൺവീനർ കെ.വി സൈനുദ്ദീൻ ഹാജി ഏറ്റുവാങ്ങി. ഐ.എസ്.എസ് പ്രസിഡന്റ് പി.വി അബ്ദുൽ ലത്വീഫ് അധ്യക്ഷത വഹിച്ചു.

എം.എസ്.എസ് പ്രസിഡന്റ് ഡോ. ഹബീബ് റഹ്മാൻ, കെ.എൻ.എം പൊന്നാനി ടൗൺ പ്രസിഡന്റ് കെ.എസ് ഇസ്മാഈൽ, ജമാഅത്തെ ഇസ്‌ലാമി പൊന്നാനി ഏരിയാ പ്രസിഡന്റ് അബ്ദുറഹ്മാൻ ഫാറൂഖി, ഇസ്‌ലാമിക് സെന്റർ ഖത്വീബ് പി.കെ അബ്ദുൽ അസീസ്, ഖുർആൻ സ്റ്റഡി സെന്റർ വണ്ടിപ്പേട്ട കൺവീനർ സി.വി ജമീല, കെ.പി ഷറഫുദ്ദീൻ സംസാരിച്ചു. ഐ.എസ്.എസ് സെക്രട്ടറി എം. മുഹമ്മദ് മാസ്റ്റർ സ്വാഗതവും ഐ.എസ്.എസ് വൈസ് പ്രസിഡന്റ് ബാവക്കുട്ടി മാസ്റ്റർ നന്ദിയും പറഞ്ഞു. റസിൻ അബ്ദുൽ അസീസ് ഖിറാഅത്ത് നടത്തി.

## വെക്കേഷൻ ക്ലാസ്

**പറവൂർ:** മന്നം ഇസ്‌ലാമിക് സെന്റർ കേന്ദ്രമായി വെക്കേഷൻ ക്ലാസ് സംഘടിപ്പിച്ചു. മന്നം ഇസ്‌ലാമിയാ കോളേജ് പ്രിൻസിപ്പൽ കെ.എ കാസിം മൗലവി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. എ.കെ അബ്ദുൽഖാദിർ അധ്യക്ഷത വഹിച്ചു. പാറപ്പുറം മസ്ജിദ് ഇമാം ഇബ്റാഹീം മൗലവി, മുഹമ്മദ് ഹസ്സൻ, യൂസുഫ് പെരുമ്പട, ഹൈദ്രോസ് ജാറപ്പടി എന്നിവർ സംസാരിച്ചു. കോഴ്സ് ഡയറക്ടർ എം.കെ ഷംസുദ്ദീൻ സ്വാഗതവും കെ.എം ഹൈദ്രോസ് നന്ദിയും പറഞ്ഞു.



# കരിയർ

സുലൈമാൻ ഊരകം
kpsulaimanurakam@gmail.com

**NUEPA യിൽ M.Phil/PhD**

കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ സുപ്രധാന കേന്ദ്രവും രാജ്യത്തിന്റെ വിദ്യാഭ്യാസ ഗവേഷണത്തിന്റെ പ്രധാന കേന്ദ്രവുമായ ദൽഹിയിലെ National University of Educational Planing and Administration നിൽ 2013-14 അധ്യയന വർഷത്തെ M.phil/PhD Full Time and part time പ്രവേശനത്തിന് ഉടൻ അപേക്ഷിക്കാം. Educational policy, planning, Administration, Finance, Management and Information system, School Education, Higher Education, Equity and Inclusion in Education, Gender Issue in Education, Education of Minorities, Comparative Education, Education and Globalization എന്നീ മേഖലകളിലാണ് ഗവേഷണാവസരം. അഞ്ച് വർഷം വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന ഫുൾടൈം ജീവനക്കാർക്കാണ് Part-Time ഗവേഷണത്തിന് അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ. www.nuepa.org

**അനാഥാലയങ്ങളിലെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസ സഹായം**

സംസ്ഥാനത്തെ അനാഥാലയങ്ങളിലെ കുട്ടികൾക്കായി തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉന്നത പഠനത്തിന് സാമ്പത്തിക സഹായം നൽകുന്നു. ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് സൂപ്പർവിഷൻ ആന്റ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കേ ഈ സർക്കാർ പദ്ധതി പ്രകാരം സഹായം ലഭിക്കൂ. പ്ലസ്ടുവിനു ശേഷം റഗുലർ സ്ട്രീമിൽ പഠിക്കുന്ന വിദ്യാർഥിയായിരിക്കണം. www.prd.kerala.gov.in

**ഗാന്ധിഗ്രാം യൂനിവേഴ്സിറ്റി**

കേന്ദ്ര മാനവ ശേഷി മന്ത്രാലയത്തിനു കീഴിൽ തമിഴ്നാട്ടിലെ ഡിണ്ടിഗലിലുള്ള ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് ബി.ടെക്, MCA, MBA, MA, B Ed, M Ed, BSc അഗ്രികൾച്ചർ, വിവിധ ബി.എ.എം കോഴ്സുകളിലേക്ക് ഉൾപ്പെടെ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ഇംഗ്ലീഷ്, സോഷ്യോളജി, ഹ്യൂമൻ റിസോഴ്സ്, കോൺഫ്ളിക്റ്റ് മാനേജ്മെന്റ്, റൂറൽ ഡവലെപ്മെന്റ്, ഗവേണൻസ് ആന്റ് ഡവലെപ്മെന്റ് എന്നിവയിൽ എം.എയും ഹോം സയൻസ്, ഫുഡ് സയൻസ് ആന്റ് ന്യൂട്രീഷ്യൻ, കെമിസ്ട്രി, ബോട്ടണി, സുവോളജി, ജിയോളജി, മൈക്രോ ബയോളജി എന്നിവയിൽ എം.എസ്.സിയും കൂടാതെ പ്ലസ്ടു പാസായവർക്ക് ഡവലപ്മെന്റ് അഡ്മിനിസ്ട്രേഷനിൽ അഞ്ച് വർഷത്തെ ഇന്റഗ്രേറ്റഡ് എം.എക്കും മറ്റു ഡിഗ്രി പ്രോഗ്രാമുകൾക്കും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. അവസാന തീയതി: മെയ് 25. www.ruraluniv.ac.in, Ph: 4512452371

**പി.എച്ച്.ഡിക്കാർക്ക് നെഹ്റു സ്കോളർഷിപ്പ്**

വിവിധ വിഷയങ്ങളിൽ PhD ചെയ്യുന്ന ഇന്ത്യൻ വിദ്യാർഥികൾക്കായി ജവഹർലാൽ നെഹ്റു മെമ്മോറിയൽ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി: മെയ് 31. www.jnmf.in

**കേന്ദ്ര പ്രതിരോധ ഗവേഷണത്തിൽ ഒഴിവ്**

കേന്ദ്ര പ്രതിരോധ ഗവേഷണ ഓർഗനൈസേഷനിൽ സീനിയർ ടെക്നീഷ്യൻ അസിസ്റ്റന്റ്, ടെക്നീഷ്യൻ, അഡ്മിനിസ്ട്രേഷൻ അസിസ്റ്റന്റ് തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. വിവിധ വകുപ്പുകളിലായി 844 ഒഴിവുകളുണ്ട്. www.drdo.gov.in

**ദൽഹിയിൽ എസ്.ഐ.ഒ ഹെൽപ്പ് ഡെസ്ക് ആരംഭിച്ചു**

ദൽഹിയിലെ AIMS, JNU, JMI, DU തുടങ്ങിയ സ്ഥാപനങ്ങളിലും മറ്റും ഉന്നത പഠനത്തിന് ശ്രമിക്കുന്ന വിദ്യാർഥികൾക്കായി ദൽഹി മലയാളി എസ്.ഐ.ഒ ഘടകം ഹെൽപ്പ് ഡസ്ക് ആരംഭിച്ചു. 07503575767, 09891535763, 09811679818, 7503703003

## എസ്.ഐ.ഒ പ്രാദേശിക ക്ലാസുകൾക്ക് തുടക്കമായി



*എസ്.ഐ.ഒ പ്രാദേശിക യൂനിറ്റുകൾ നടത്തുന്ന പഠന ക്ലാസിന്റെ ഉദ്ഘാടനം ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി നിർവഹിക്കുന്നു.*

**മുണ്ടുമുഴി:** ഏപ്രിൽ മാസം മുതൽ ഡിസംബർ വരെ പ്രാദേശിക യൂനിറ്റുകളിൽ നടത്തുന്ന പഠന ക്ലാസുകളുടെ സംസ്ഥാനതല ഉദ്ഘാടനം മലപ്പുറം ജില്ലയിലെ മുണ്ടുമുഴി യൂനിറ്റിൽ ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി നിർവഹിച്ചു. അരീക്കോട് ഏരിയാ സെക്രട്ടറി ഷമീർ സ്വാഗതവും ജസീൽ നന്ദിയും പറഞ്ഞു. സി.കെ ജുമാൻ ഖിറാഅത്ത് നടത്തി.

## ഫുട്ബോൾ ടൂർണമെന്റ്

**പൊന്നാനി:** സോളിഡാരിറ്റിയുള്ള കേരളത്തിന് പത്ത് വയസ്സ് എന്ന കാമ്പയിന്റെ ഭാഗമായി പൊന്നാനി ഏരിയ ഫുട്ബോൾ ടൂർണമെന്റ് നടത്തി. വിജയികൾക്ക് ജമാഅത്തെ ഇസ്‌ലാമി മാറഞ്ചേരി ഹൽഖാ നാസിം കെ.പി ഉമ്മർ ട്രോഫികൾ വിതരണം ചെയ്തു. മത്സരങ്ങൾക്ക് നാസർ ബാബു, സി.എൻ നാഫി, ഖലീൽ പൊന്നാനി, മൻസൂർ നേതൃത്വം നൽകി.

## പി.ആർ വർക്ക്ഷോപ്പ്

**മലപ്പുറം:** എസ്.ഐ.ഒ മലപ്പുറം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പി.ആർ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. വേങ്ങര ഐഡിയൽ ഹയർസെക്കന്ററി സ്കൂളിൽവെച്ച് നടന്ന പരിപാടി എസ്.ഐ.ഒ ജില്ലാ സെക്രട്ടറി ജലീൽ കോഡൂർ ഉദ്ഘാടനം നിർവഹിച്ചു. പി.ആർ ഓറിയന്റേഷൻ, മീഡിയ മാനേജ്മെന്റ്, എമേർജിങ് സോഷ്യൽ മീഡിയ എന്നീ സെഷനുകളിലായി ജില്ലാ പ്രസിഡന്റ് കെ.കെ അഷ്റഫ്, സൈബർ ആക്ടിവിസ്റ്റ് ആബിദ് അബൂബക്കർ, മീഡിയ പ്രവർത്തകൻ ജാബിർ ആനക്കയം എന്നിവർ സംസാരിച്ചു. ജില്ലാ പി.ആർ സെക്രട്ടറി വി. അജ്മൽ, മീഡിയ സെക്രട്ടറി എ.ടി മഫാസ്, കമാൽ വേങ്ങര എന്നിവർ നേതൃത്വം നൽകി.

## കുടിവെള്ള പദ്ധതി

**പെരുമണ്ണ ക്ലാരി:** കുടിവെള്ളം ലഭിക്കാതെ ദുരിതമനുഭവിക്കുന്ന ചെനക്കൽ പ്രദേശത്തെ കുടുംബങ്ങൾക്ക് താങ്ങാകാൻ ജനകീയ കൂട്ടായ്മയിൽ കുടിവെള്ളപദ്ധതി. ആറ് ലക്ഷത്തിൽ പരം രൂപ ചെലവിൽ ജമാഅത്തെ ഇസ്‌ലാമി ചെട്ടിയാംകിണർ യൂനിറ്റാണ് നാട്ടുകാർക്ക് കുടിവെള്ളമെത്തിക്കുന്നത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.കെ അബ്ദുർറസാഖ് പദ്ധതി നാടിന് സമർപ്പിച്ചു. സി. മൊയ്തീൻ ഹാജി അധ്യക്ഷത വഹിച്ചു. നാസർ ചെറുകര, സി.കെ ഷിഹാബ് സംസാരിച്ചു. പൂഴിത്തറ ബാപ്പുഹാജി, പരുത്തിക്കുന്നൻ കുഞ്ഞോൻ, എൻ. അബ്ദുറഹിമാൻ, സി.കെ മുഹമ്മദലി, സി.പി മൊയ്തുഹാജി, സി. മൂസ, സി.കെ കുഞ്ഞിമുഹമ്മദ്, സി.കെ ബീരാൻ കുട്ടി, സി.കെ ഷരീഫ്, സി.കെ മമ്മുക്കുട്ടി സംബന്ധിച്ചു.

## കൂടുതൽ ജനാധിപത്യ കാമ്പസുകൾ സൃഷ്ടിക്കപ്പെടണം

**പെരുമ്പിലാവ്:** കേരളത്തിൽ കൂടുതൽ ജനാധിപത്യ കാമ്പസുകൾ സൃഷ്ടിക്കപ്പെടണമെന്നും അതിന്റെ മാർഗത്തിൽ എസ്.ഐ.ഒ നടത്തിക്കൊണ്ടിരിക്കുന്ന മുന്നേറ്റങ്ങൾ ശ്രദ്ധേയമാണെന്നും ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന ജനറൽ സെക്രട്ടറി പി. മുജീബുർറഹ്മാൻ. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട കാമ്പസ് പ്രവർത്തകർക്കായി പെരുമ്പിലാവ് അൻസാർ കാമ്പസിൽ എസ്.ഐ.ഒ സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ച രണ്ടു ദിവസത്തെ കാമ്പസ് വർക്ക്ഷോപ്പ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന പ്രസിഡന്റ് എസ്. ഇർഷാദ്, സംസ്ഥാന കാമ്പസ് സെക്രട്ടറി കെ.എസ് നിസാർ തുടങ്ങിയവർ സംസാരിച്ചു.



*കാമ്പസ് വർക് ഷോപ്പ് ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന ജനറൽ സെക്രട്ടറി പി. മുജീബുർറഹ്മാൻ ഉദ്ഘാടനം ചെയ്യുന്നു*